**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2017-18 - റാന്നി നിയോജക മണ്ഡലം - ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിൽ ളാഹ-ചെമ്പൻകര റോഡ് ടാറിങ് പ്രവൃത്തി - പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 2797/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 01.11.2018.**

---

പരാമർശം :- 1 11/06/2012-ലെ സ. ഉ (അച്ചടി )332/12/ധന നമ്പർ ഉത്തരവ്.

2 05/10/17-ലെ സ. ഉ (ആർ.റ്റി )3220/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.07.2018 ലെ ഡിബി6/2547/2015/സി.ഇ/തസ്വഭവ നമ്പർ കത്ത്

4 ശ്രീ . രാജു എബ്രഹാം എം.എൽ.എ.യുടെ 27/09/2018 ലെ കത്ത്.

## **ഉത്തരവ്**

റാന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാജു എബ്രഹാം എം.എൽ.എ. യുടെ 2017-18 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിൽ ളാഹ-ചെമ്പൻകര റോഡ് ടാറിങ് എന്ന പ്രവൃത്തിയ്ക്ക്പരാമർശം (2) ഉത്തരവിലെ ക്രമനമ്പർ. 6 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2 കിലോമീറ്റർ നീളം വരുന്ന പ്രസ്തുതറോഡിന്റെ 0/000 മുതൽ 0/800 വരെയുള്ള ഭാഗത്ത് റോഡ് ടാർ ചെയ്യുന്നതിനുള്ള ഇനങ്ങളാണ് ആദ്യം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം ടി റോഡിന്റെ ചെയിനേജ് 0/000 മുതൽ 0/723 വരെയുള്ള ഭാഗത്ത് ടാറിങ് പ്രവൃത്തികൾ നടപ്പാക്കിയ സാഹചര്യത്തിൽ റോഡിന്റെ ബാക്കി വരുന്ന ഭാഗമായ 0/723 മുതൽ 0/890 വരെയുള്ള 167 മീറ്റർ നീളത്തിൽ ടാറിങ്, ചെയ്നേജ് 1/115 മുതൽ 1/299 വരെയുള്ള വെള്ളക്കെട്ടുള്ള 184 മീറ്റർ നീളത്തിൽ കോൺക്രീറ്റിങ് തുടർന്ന് 1/299 മുതൽ 1/708 വരെയുള്ള 409 മീറ്റർ ടാറിങ് എന്നിവ ഉൾപ്പെടുത്തി ബഹു.എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടി പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അപേക്ഷിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റാന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാജു എബ്രഹാം എം.എൽ.എ.യുടെ 2017-18 വർഷത്തെ

ആസ്തിവികസന പദ്ധതിയിൽ നിന്നും പരാമർശം (2) ഉത്തരവിലെ ക്രമനമ്പർ 6 പ്രകാരം 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ റാന്നി പെരുനാട് 'ഗ്രാമപഞ്ചായത്തിൽ ളാഹ-ചെമ്പൻകര റോഡ് ടാറിങ് എന്ന പ്രവൃത്തിയുടെ ചെയിനേജ് 0/000 മുതൽ 0/723 വരെയുള്ള ഭാഗം ജില്ലാ പഞ്ചായത്തിന്റെ പ്രോജെക്റ്റ് പ്രകാരം നടപ്പാക്കിയതിനാൽ ടി റോഡിന്റെ ബാക്കി വരുന്ന ഭാഗമായ 0/723 മുതൽ 0/890 വരെയുള്ള 167 മീറ്റർ നീളത്തിൽ ടാറിങ്, ചെയ്നേജ് 1/115 മുതൽ 1/299 വരെയുള്ള വെള്ളക്കെട്ടുള്ള 184 മീറ്റർ നീളത്തിൽ കോൺക്രീറ്റിങ് തുടർന്ന് 1/299 മുതൽ 1/708 വരെയുള്ള 409 മീറ്റർ ടാറിങ് ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി.

ശ്രീ.രാജു എബ്രഹാം എം.എൽ.എ( ആമുഖ കത്ത് സഹിതം)
ജില്ല കളക്ടർ,പത്തനംതിട്ട
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട.
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം. 1296/എൻ.ബി.2/2017/ധന.തീയതി29.10.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ